Draft #2 of File 58439/EI35 SO/2021/VC SECTION Approved by ASSISTANT REGISTRAR II (ACADEMIC) on 12-Oct-2021 05:20 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

അക്കാദമികം - എം ബി എ വിദ്യാർത്ഥികളുടെ ഗ്രേസ്മാർക് വിതരണം സംബന്ധിച്ച് -ഡീനിന്റെ അഭിപ്രായത്തിന്മേൽ ബഹു.വി.സി.യുടെ ഉത്തരവ് പുനഃപരിശോധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**അക്കാദമിക് എ 8 സെക്ഷൻ**

നമ്പർ. 5427/AC A 8/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 12.10.2021

---

*പരാമർശം:*-1). 09.03.2021 -ൽ ശ്രീ. ജോബ് ജസ്റ്റിൻ സമർപ്പിച്ച പരാതി

2). U.O 692 / A 1/ 2010 തീയതി 28.01.2010

3). U.O 2038/03/ Ac AVIII /2013 തീയതി 24.04.2013

4 .U.O 2932/ AC A8 / 2020/ MGU തീയതി 30.06.2020

**ഉത്തരവ്**

പരാമർശം (1) പ്രകാരം തിരുവല്ല മാക്ഫാസ്റ്റ് കോളേജിലെ എം.ബി.എ വിദ്യാർത്ഥിയായിരുന്ന ശ്രീ. ജോബ് ജസ്റ്റിൻ, എൻഎസ്എസ് പ്രവർത്തനത്തിന് സെമസ്റ്റർ നിബന്ധനയില്ലാതെ പി ജി കോഴ്സുകൾക്ക് നൽകിവരുന്ന ഗ്രേസ്മാർക് വിതരണം, പി.ജി. പ്രൊഫഷണൽ കോഴ്സ് വിദ്യാർത്ഥിയായ തനിക്കും അനുവദിച്ചു നല്കണമെന്നപേക്ഷ സമർപ്പിച്ചിരുന്നു .

ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് സെമസ്റ്റർ നിബന്ധനയില്ലാതെ ഗ്രേസ്മാർക് അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് U.O 2932/ AC A8 / 2020/ MGU തീയതി 30.06.2020 പരാമർശം (4) നിലവിലുള്ളതുകൊണ്ടു , പ്രസ്തുത ഉത്തരവ് പ്രകാരമുള്ള "സെമസ്റ്റർ നിബന്ധനയില്ലാതെയുള്ള, ഗ്രേസ്മാർക്ക് വിതരണം പ്രൊഫഷണൽ പി .ജി കോഴ്സായ എം.ബി.എ.ക്കും ബാധകമാക്കാമോ എന്നറിയുന്നതിലേക്ക് മാനേജ്മന്റ് സ്റ്റഡീസ് ഡീനോട് അഭിപ്രായം തേടിയിരുന്നു.എം.ബി.എ AICTE മാനദണ്ഡങ്ങൾക്ക് വിധേയമായതിനാൽ ഗ്രേസ്മാർക്ക് നൽകേണ്ടതില്ലെന്ന മറുപടിയാണ് ഡീൻ രേഖപ്പെടുത്തിയത്. ആയത് പരിഗണിച്ച ബഹു.വൈസ് ചാൻസലർ എം.ബി.എ കോഴ്സിന് ഗ്രേസ്മാർക് അനുവദിക്കാൻ കഴിയില്ലെന്ന് 03/05/2021 ന് ഉത്തരവായിരുന്നു

എംബിഎ ഉൾപ്പെടെയുള്ള പ്രൊഫഷണൽ കോഴ്സുകൾക്ക് ഗ്രേസ്മാർക് നൽകുന്നതിനുള്ള ഉത്തരവ് , U.O 692/A 1/2010 തീയതി 28.01.2010 പരാമർശം (2), DSS/ SPESS / NSS / NCC എന്നീ മേഖലകളിലെ മികവ് പരിഗണിച്ച് എം.ബി.എ വിദ്യാർത്ഥികൾക്ക് നൽകേണ്ട ഗ്രേസ്മാർക്ക് റേറ്റ് വ്യക്തമാക്കിക്കൊണ്ടുള്ള ഉത്തരവ് U.O 2038/ 03/ Ac AVIII/ 2013 തീയതി 24.04.2013 പരാമർശം (3), എന്നിവ പ്രകാരം, എം .ബി.എ .കോഴ്സുകൾക്ക് ഗ്രേസ് മാർക്ക് നിലവിൽ നൽകിവന്നുകൊണ്ടിരിക്കുന്നുണ്ട്. എം.ബി.എ കോഴ്സിന് ഗ്രേസ്മാർക് അനുവദിച്ചുകൊണ്ടുള്ള മേൽ ഉത്തരവുകൾ നിലനിൽക്കുന്ന സാഹചര്യത്തിൽ , ബഹു.വൈസ്-ചാൻസലർ, ഡീനിന്റെ അഭിപ്രായം അംഗീകരിച്ച് കൊണ്ട് 03.05.2021-ൽ അനുവദിച്ച ഉത്തരവ് ബഹു.വൈസ്-ചാൻസിലറുടെ ചുമതല വഹിക്കുന്ന പ്രോ.വൈസ്-ചാൻസിലർ പുനഃപരിശോധിക്കുകയും , 1985 -ലെ

മഹാത്മാഗാന്ധി സർവകലാശാല ആക്റ്റ് അദ്ധ്യായം III വകുപ്പ് 10(17) പ്രകാരം 05/10/2021 ന് മേൽ ഉത്തരവ് റദ്ദു ചെയ്യുകയും ചെയ്തു

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൻജാൻ എ എസ്

അസിസ്റ്റന്റ് രജിസ്ട്രാർ 2 (അക്കാദമിക്)

പകർപ്പ്

1). വൈസ് ചാൻസിലർ / പ്രൊ വൈസ് ചാൻസലറുടെ പി.എസ്
2). രജിസ്ട്രാറുടെ / പരീക്ഷ കോൺട്രോളറുടെ പി.എ
3). എ.ആർ / ഡി.ആർ / ജെ.ആർ (അക്കാഡമിക് / പരീക്ഷ)
4). സിസ്റ്റം അഡ്മിനിസ്ട്രേറ്റർ / CETEX
5). കണ്ടെന്റ് മാനേജ്മെന്റ് സെൽ / ഐക്യൂഎസി
6). എ.സി.സി I സെക്ഷൻ
7). ടാബുലേഷൻ സെക്ഷനുകൾ
8). കരുതൽ ഫയൽ / ഫയൽ പകർപ്പ്

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #2 of File 58439/EI35 SO/2021/VC SECTION Approved by ASSISTANT REGISTRAR II (ACADEMIC) on 12-Oct-2021 05:20 PM - Page 2